TB Movie Panel Weekly Review

**#MoviePanel**

The Dry (2020)

Written By: Sajan Ramanandan

ജയ്ൻ ഹാർപ്പറുടെ നോവലിനെ ഹാരി ക്രിപ്സ്, റോബർട്ട് കോണൊള്ളി എന്നിവർ തിരക്കഥ ആക്കി റോബർട്ട് കോന്നോളി സംവിധാനം ചെയ്ത ഓസ്ട്രേലിയൻ കുറ്റാന്വേഷണ സിനിമയാണ് ദി ഡ്രൈ. ഓസ്ട്രേലിയ കണ്ട ഏറ്റവും ശക്തിയേറിയ വരൾച്ചയുടെ കാലത്താണ് സിനിമ കഥ പറഞ്ഞു തുടങ്ങുന്നത്. ഭാര്യയെയും മൂത്ത മകനെയും വെടി വച്ച് കൊന്ന ശേഷം ആത്മഹത്യ ചെയ്ത ലൂക്കിന്റെ ഫ്യൂണറലിന് അവന്റെ ബാല്യകാല സുഹൃത്തായിരുന്ന ആരോണിനെ ലൂക്കിന്റെ അച്ഛൻ വിളിക്കുന്നു. വിദേശ കുറ്റാന്വേഷണ സിനിമകളിലെ ഒരു സ്ഥിരം cliche ആയ ഡാർക്ക് പാസ്റ്റ് ഉള്ള പോലീസുകാരൻ നായകന്റെ നാട്ടിലേയ്ക്കുള്ള തിരിച്ചു വരവാണ് പ്രമേയം. പക്ഷേ സംവിധായകൻ വളരെ സമർത്ഥമായി ഓരോ കഥാപാത്രങ്ങളിലൂടെ ഇരുപത് വർഷങ്ങൾക്കിടെ നടന്ന രണ്ട് കുറ്റകൃത്യങ്ങളിലൂടെ നമ്മെ കൊണ്ട് പോകുന്നു. പ്രണയം, സൗഹൃദം, അച്ഛൻ-മക്കൾ ബന്ധങ്ങൾ അങ്ങനെ കഥയുടെ വേരോട്ടം മികച്ച ഒരു സിനിമയാക്കി ഇതിനെ മാറ്റുന്നു. നായകനായി എത്തുന്ന എറിക് ബാന മികച്ച, നിയന്ത്രിത അഭിനയം കാഴ്ച വച്ചു. 2003ൽ ഹൾക്ക് ആയി വേഷമിട്ട ആളാണ്. നായകന്റെയും കൂട്ടുകാരുടെയും കുട്ടിക്കാലം അഭിനയിച്ച ജോ, ബെബേ, ക്ലോഡി, സാം എന്നിവരും, ജനവീവ് ഓ റെയ്ളി, വില്യം സാപ്പാ, മാറ്റ് നേബിൾ എന്നിവരും മികച്ച അഭിനയം കാഴ്ച വച്ചു.

സ്റ്റെഫാൻ ദുസ്സിയോ ആണ് ഛായാഗ്രാഹകൻ. ഇരുപത് വർഷങ്ങളുടെ ഇടവേള, രണ്ട് കാലാവസ്ഥകളുടെ ദൃശ്യങ്ങളിലൂടെ അവതരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. നിക്ക് മേയേഴ്സ്, അലക്സാണ്ടറെ എന്നിവരാണ് ചിത്രസംയോജനം. പീറ്റർ റെബേൺ സംഗീതം, മാന്റി വെസ്റ്റർ കലാസംവിധാനം.

വേഗത അൽപ്പം കുറഞ്ഞ, subtle ആയ drama genre ൽ ഉള്ള സിനിമകൾ ഇഷ്ടപ്പെടുന്നവർ, കുറ്റാന്വേഷണ സിനിമകൾ ഇഷ്ടമുള്ളവർ തീർച്ചയായും കണ്ടിരിക്കേണ്ട സിനിമ. 2018 ഷൂട്ടിങ് നടന്ന് 2020ൽ ആണ് The Dry റിലീസ് ആയത്.